# കേരള സർക്കാർ
## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 22 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## നെല്ല് സംഭരണം: ദ്വിദിന രജിസ്ട്രേഷൻ അവസാനിച്ചു; സംഭരിച്ചത് 135 കോടി രൂപ മൂല്യമുള്ള നെല്ല്

ജില്ലയിൽ നെല്ല് സംഭരണത്തിന്റെ ഭാഗമായി നടത്തിയ ദ്വിദിന ഓൺലൈൻ രജിസ്ട്രേഷൻ സമാപിച്ചപ്പോൾ സപ്ലൈകോ സമാഹരിച്ചത് 135 കോടി രൂപ. ഇതുവരെയായി രജിസ്റ്റർ ചെയ്ത 42291 കർഷകരിൽ നിന്ന് സമാഹരിച്ച 50202 ടൺ നെല്ലിന്റെ മൂല്യമാണിത്. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ നെല്ല് സംഭരണം നീട്ടണമെന്ന കർഷകരുടെ അപേക്ഷ പ്രകാരമാണ് രണ്ട് ദിവസങ്ങളിലായി രജിസ്ട്രേഷൻ പുനരാരംഭിക്കാൻ സപ്ലൈകോ തീരുമാനിക്കുന്നത്. ഇത് പ്രകാരം ഏപ്രിൽ 20ന് രാവിലെ 10 മുതൽ 21ന് വൈകീട്ട് 5 വരെയാണ് സപ്ലൈകോ കർഷകർക്ക് അവസരം നൽകിയത്. കർഷകരിൽ നിന്ന് പരമാവധി നെല്ല് സംഭരിക്കാൻ ലക്ഷ്യമിട്ട് സപ്ലൈകോ ആരംഭിച്ച നെല്ല് സംഭരണത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 15ന് അവസാനിച്ചിരുന്നു. മാത്രമല്ല, രജിസ്ട്രേഷൻ നീട്ടി നൽകില്ലെന്നും അധികൃതർ അറിയിച്ചിരുന്നു. പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് കർഷകർക്ക് വീണ്ടും അവസരം നൽകിയതെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു. 38000 പേർ രജിസ്റ്റർ ചെയ്യുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 42291 പേർ രജിസ്റ്റർ ചെയ്തത് നേട്ടമായാണ് സപ്ലൈകോ കരുതുന്നത്. 2020 ജൂൺ 30 വരെ സംഭരണം നീണ്ടുപോകും. ജില്ലയിൽ 41 മില്ലുകളാണ് സംഭരണ രംഗത്തുള്ളത്. തലപ്പിള്ളി താലൂക്കിൽ 12602, തൃശ്ശൂരിൽ 18249, മുകുന്ദപുരം 4898, ചാവക്കാട് 3695, ചാലക്കുടി 2638, കൊടുങ്ങല്ലൂർ 209 എന്നിങ്ങനെയാണ് രജിസ്റ്റർ ചെയ്തവരുടെ കണക്ക്.

## പ്രതിരോധ കുത്തിവെപ്പുകൾ പുനരാരംഭിച്ചു

കോവിഡ് 19 അടിയന്തര സാഹചര്യം മൂലം നിർത്തിവച്ചിരുന്ന പ്രതിരോധ കുത്തിവെപ്പുകൾ തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുനരാരംഭിച്ചു. ബ്രേക്ക് ദ ചെയിൻ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചും മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചുമാണ് പ്രോഗ്രാം പുനരാരംഭിച്ചത്. ആശാപ്രവർത്തകർ നൽകിയ ലിസ്റ്റിൽ നിന്ന് അഞ്ച് കുട്ടികൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും പരിശോധിച്ച് രക്ഷിതാക്കളെ മുൻകൂട്ടി അറിയിച്ച് അരമണിക്കൂർ വീതമുള്ള സെഷനുകളായി രാവിലെ ഒൻപത് മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെയാണ് കുത്തിവെപ്പ് നടത്തിയത്. തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാരായ ഡോ.കേതുൽ പ്രമോദ്, ഡോ. എ. ജെ. കരുൺ, ഹെൽത്ത് ഇൻസ്പെക്ടർ ടി.പി.ഹനീഷ്കുമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരായ സി. ഐ. സീനത്ത് ബീവി, കെ. ബി. രമ്യ, ഇ. എം.

മായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ. എ. ജിതിൻ, പി.എം.വിദ്യാസാഗർ ആശപ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ മെയ് 4ന് പുനരാരംഭിക്കും

കോവിഡ്-19 പ്രതിരോധനത്തിന്റെ ഭാഗമായി രാജ്യമാകെ ലോക്ഡൗണായതോടെ നിന്നുപോയ മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ മെയ് നാലിന് പുനരാരംഭിക്കും. രണ്ടാംഘട്ട ലോക്ഡൗൺ മെയ് മൂന്നിന് അവസാനിക്കുന്ന സാഹചര്യം കണക്കിലെടുത്താണ് മെയ് നാലിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൽ പുനരാരംഭിക്കാൻ തീരുമാനമായത്. ഇതിന്റ ഭാഗമായി ഏപ്രിൽ 24-ാം തിയ്യതി കൗൺസിൽ യോഗവും ഏപ്രിൽ 22 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ ഡിവിഷൻതല യോഗങ്ങളും നടക്കും. ഇതോടൊപ്പം വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവർത്തനങ്ങൾ നിയമാനുസൃതം നടക്കുകയും ചെയ്യും.

2018 ലേയും 2019 ലേയും പ്രളയാനുഭവത്തിന്റെ വെളിച്ചത്തിൽ സർക്കാർ 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി തൃശൂർ കോർപ്പറേഷൻ പരിധിയിലുള്ള തോടുകളും ചാലുകളും ജനപങ്കാളിത്തത്തോടെ വീണ്ടെടുക്കുന്ന പ്രവർത്തനം ആദ്യഘട്ടം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പലസ്ഥലങ്ങളിലും തകർന്നുപോയ തോടുകളുടെ സംരക്ഷണഭിത്തികൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇതോടൊപ്പം ഫെബ്രുവരി മാസത്തിൽ സർക്കാരിന്റെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ സർക്കുലർ ഇറങ്ങിയതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ യോഗങ്ങൾ ചേർന്ന് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്കും ആരോഗ്യ ജാഗ്രത ക്യാമ്പയിനുകൾക്കും രൂപം നൽകി. ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്ന സാഹചര്യത്തിലാണ് ലോകമെമ്പാടും കോവിഡ്-19 എന്ന വൈറസ് പടർന്നു പിടികൂടിയത്.

മറ്റു കോർപ്പറേഷനുകൾക്ക് മാതൃകയാവും വിധം നടപ്പിലാക്കി കൊണ്ടിരിക്കുന്ന മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലും തുടർ പ്രവർത്തനങ്ങളിലും എല്ലാവരും സഹകരിക്കണമെന്നും ഏകോപനത്തോടുകൂടി നടപ്പിലാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും വേണമെന്നും മേയർ അജിത ജയരാജൻ പറഞ്ഞു.

## അതിർത്തികൾ അടച്ചു; സുരക്ഷ ശക്തം

കാട്ടകാമ്പാൽ പഞ്ചായത്തിലെ മലപ്പുറം ജില്ലാ അതിർത്തികൾ അടച്ച് പോലീസ് സുരക്ഷ ശക്തമാക്കി. മലപ്പുറം ജില്ല റെഡ് സോൺ ആയതോടെ ജില്ലാ അതിർത്തികളായ കാട്ടകാമ്പാൽ സ്രായിൽക്കടവ് പാലം, പെരുന്തുരുത്തി പുളിക്കടവ് പാലം, ഐന്നൂർ ഒതളൂർ ബണ്ട് റോഡ്, കാട്ടകാമ്പാൽ അമ്പലക്കടവ് എന്നിവിടങ്ങളാണ് അടച്ചത്. മലപ്പുറവുമായി അതിർത്തി പങ്കിടുന്ന ഇവിടെ റോഡിൽ കൈവരികൾ കെട്ടിയാണ് ഗതാഗതം തടയുന്നത്. പോലീസ് മുഴുവൻ സമയവും പ്രദേശങ്ങളിലുണ്ട്. മലപ്പുറം ജില്ലയിൽ നിന്നും വരുന്ന നിരവധി ബൈക്ക്, കാർ യാത്രക്കാരെയാണ് രണ്ട് ദിവസങ്ങളിലായി പോലീസ് ഈ ഭാഗങ്ങളിൽ നിന്ന് തിരിച്ചയച്ചത്. തൃശൂർ ജില്ലയിലുള്ളവരെയും അങ്ങോട്ട് കടത്തിവിടുന്നില്ല. കുന്നംകുളം എസിപി ടി എസ് സിനോജിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അതിർത്തികളിൽ രണ്ടു ദിവസവും (തിങ്കൾ, ചൊവ്വ) പരിശോധന നടത്തി. മെയ് 3 വരെ അതിർത്തികൾ അടച്ചിട്ട് പരിശോധന കർശനമാക്കുമെന്നും പോലീസ് അറിയിച്ചു.

## മൂന്നാംഘട്ടത്തിൽ 500 അതിഥി തൊഴിലാളികൾക്ക് ഭക്ഷണകിറ്റ് നൽകി ചാവക്കാട് നഗരസഭ

ചാവക്കാട് നഗരസഭ പരിധിയിൽ താമസിക്കുന്ന 500 അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചായിരുന്നു വിതരണം. നഗരസഭയെ അഞ്ച് സോണുകളായി തിരിച്ചാണ് അതിഥി തൊഴിലാളികളെ കണ്ടെത്തിയത്.

അരി, പരിപ്പ്, സവാള, ഉരുളക്കിഴങ്ങ്, ഓയിൽ, ആട്ടപ്പൊടി എന്നിങ്ങനെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് കിറ്റ് തയ്യാറാക്കിയത്. നഗരസഭയിലെ വിവിധ ക്ഷേമകാര്യ ചെയർമാൻമാരുടെ നേതൃത്വത്തിലായിരുന്നു വിതരണം. നഗരസഭ അധ്യക്ഷൻ എൻ. കെ അക്ബർ കിറ്റ് തൊഴിലാളികൾക്ക് നൽകി വിതരണോദ്ഘാടനം നടത്തി. ലോക്ക് ഡൗണിൽ തന്നെ മുൻപ് രണ്ട് വട്ടം ഭക്ഷ്യകിറ്റുകൾ അതിഥി തൊഴിലാളികൾക്ക് നൽകിയിരുന്നു.

## ലോക്ക് ഡൗൺ ഇളവ്:
## കയ്പമംഗലത്ത് ജാഗ്രത യോഗം ചേർന്നു

സംസ്ഥാനത്ത് ലോക്ക് ഡൗണിൽ ഇളവുകൾ നൽകിയ സാഹചര്യത്തിൽ കയ്പമംഗലം മണ്ഡലത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനായി ഉന്നതതല യോഗം ചേർന്നു. നിലവിൽ കോവിഡ് പോസിറ്റീവ് കേസുകൾ ഒന്നും തന്നെ ഇല്ലെങ്കിലും ജാഗ്രത കൈവിടാൻ സമയമായിട്ടില്ല എന്ന ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് യോഗം ചേർന്നത്. അനാവശ്യമായി സഞ്ചരിക്കാൻ ആരെയും അനുവദിക്കില്ല. കാരണമില്ലാതെ യാത്രയും കൂട്ടം കൂടുതലും ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടിയെടുക്കുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ഇ ടി.ടൈസൺ മാസ്റ്റർ എംഎൽഎ പറഞ്ഞു. മണ്ഡലത്തിന്റെ പല ഭാഗങ്ങളിൽ അനാവശ്യ സഞ്ചാരവും കൂട്ടം കൂടലും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇവർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്ന് പോലീസ് ഡിപ്പാർട്മെന്റും അറിയിച്ചു.

മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും പ്രവാസികളെയും ഇതര സംസ്ഥാനത്ത് ജോലി ചെയ്യുന്നവരെയും സ്വീകരിക്കുവാനുള്ള ക്വാറന്റൈൻ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. സമൂഹ അടുക്കളകളിൽ നിന്ന് 712 പേർക്കാണ് ഇപ്പോൾ ഭക്ഷണം നൽകി വരുന്നത്. വരും ദിവസങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച ജനകീയ ഹോട്ടലുകളാക്കി സമൂഹ അടുക്കളകളെ മാറ്റും. വിവിധ വകുപ്പുകളും വിവിധ സംഘടനകളും നൽകിയ സഹായങ്ങളെയും യോഗം വിലയിരുത്തി. മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, വൈസ് പ്രസിഡന്റ് ലൈന അനിൽ, പഞ്ചായത്ത് പ്രസിഡന്റുമാർ, ബി ഡി ഒ വിനീത സോമൻ, കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസർ ഐ വി സുധീർ കുമാർ, മതിലകം എസ് എച്ച് ഒ ഇ പ്രേമാനന്ദൻ, എക്സൈസ് സി ഐ സി ആർ പത്മകുമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കയ്പമംഗലത്ത് ഇ ടി.ടൈസൺ മാസ്റ്റർ എംഎൽഎയുടെ സാന്നിദ്ധ്യ ത്തിൽ നടന്ന ജാഗ്രത യോഗം***

## കയ്പമംഗത്ത് ജലസ്രോതസുകളുടെ
## നവീകരണം ഊർജ്ജിതമാക്കുന്നു

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ വിലക്ക് നീക്കിയതോടെ ജലസ്രോതസുകളുടെ നവീകരണം ഊർജ്ജിതമാക്കാൻ കയ്പമംഗലം മണ്ഡലത്തിൽ തീരുമാനം. മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ വിളിച്ച് ചേർത്ത യോഗത്തിലാണ് തീരുമാനം. ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലേയും വലിയ തോടുകളും, ഉപതോടുകളും, പൊതുകുളങ്ങളും നവീകരിക്കാനും ശുചീകരിക്കാനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി 20 പേരടങ്ങുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ മസ്റോൾ തയ്യാറാക്കിയിട്ടുണ്ട്. ഇവർ അഞ്ച് പേർ

വീതമുള്ള നാല് ഗ്രൂപ്പുകളായി ശാരീരിക അകലം പാലിച്ച് ഈ ദൗത്യം പൂർത്തിയാക്കുമെന്നും അദ്ദേഹം അറിയിച്ചു. യോഗത്തിൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, ബി ഡി ഒ വിനീത സോമൻ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ പങ്കെടുത്തു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി: 75000 രൂപ നൽകി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വേലൂർ പഞ്ചായത്ത് കാർഷിക - കാർഷികേതര സഹകരണ സംഘം 75000 രൂപ നൽകി. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി

മൊയ്തീനാണ് ഭാരവാഹികൾ തുക കൈമാറിയത്. സംഘം പ്രസിഡന്റ് കെ എൻ ജയപ്രകാശ്, സെക്രട്ടറി പി പ്രിയ, വൈസ് പ്രസിഡന്റ് കെ വി ഫ്രാൻസിസ്, കെ വി ഗിരീഷ് എന്നിവർ പങ്കെടുത്തു.

# കോവിഡ് 19 : മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് സൺഗ്ലാസുകൾ വിതരണം ചെയ്തു

കോവിഡ് 19 വൈറസ് വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി അതി കഠിനമായ ചൂടിലും സേവനം അനുഷ്ഠിക്കുന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി സൺ ഗ്ലാസുകൾ വിതരണം ചെയ്തു. ജില്ലയിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 25 എൻഫോർസ്മെന്റ് സ്ക്വാഡിലെ ഉദ്യോഗസ്ഥർക്കാണ് സൺഗ്ലാസുകൾ വിതരണം ചെയ്തത്. തൃശ്ശൂർ ഡി റ്റി സി ഓഫീസിൽ നടന്ന വിതരണ ചടങ്ങിൽ ടി.ബി. യെനു ഒപ്ടിക്കൽസ് മാനേജിഗ് ഡയറക്ടർ യാസർ സിദ്ധിക്, തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എം. സുരേഷിന് സൺഗ്ലാസുകൾ കൈമാറി. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഷാജി മാധവൻ, എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഒ. കെ അനിൽ, തൃശ്ശൂർ ജോയിന്റ് ആർ ടി ഒ ശ്രീപ്രകാശ് എന്നിവർ വിതരണവേളയിൽ സാന്നിഹിതരായി. ലോക്ക്ഡൗൺ അയവു വരുത്തിയ സ്ഥലങ്ങളിൽ മോട്ടോർ വാഹന നിയമ ലംഘനങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കർശനനടപടികൾ സ്വീകരിക്കാൻ ആർ ടി ഒ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

***ഫോട്ടോ അടിക്കുറിപ്പ്: മോട്ടോർ വാഹന വകുപ്പ് ജീവനക്കാർക്കുള്ള സൺഗ്ലാസ് ടി.ബി.യെനു ഒപ്ടിക്കൽസിലെ യാസർ സിദ്ധിക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറുന്നു***

# കോവിഡ് 19: ക്യാമ്പ് കൗൺസിലിംഗിൽ ഒരുമിച്ചത് വേർപെട്ട ജീവിതങ്ങൾ

കോവിഡ് 19 ൽ നിന്നുള്ള സുരക്ഷ മാത്രമല്ല. കുടുംബസുരക്ഷിതത്വത്തിലേക്കുള്ള മടക്കയാത്രയ്ക്ക് കൂടി വഴിയൊരുക്കുകയാണ് ലോക്ക് ഡൗൺ കാലത്തെ ക്യാമ്പുകൾ. വർഷങ്ങളായി നാടും വീടും കുടുംബവും ഉപേക്ഷിച്ച് തെരുവിലിറങ്ങിയ പലരും തിരികെ കുടുംബത്തിന്റെ തണൽ തേടിയുള്ള മടക്കയാത്രയൊരുങ്ങുന്നതിന്റെ കാഴ്ചകളാണ് പല ക്യാമ്പുകളിലും. അങ്ങിനെ കുടുംബത്തിന്റെ സുരക്ഷിതത്വത്തിലേക്ക് മടങ്ങിപോയിരിക്കുന്നു ഗുരുവായൂർ ജിയുപി സ്കൂൾ ക്യാമ്പിലെ അന്തേവാസിയായ ഇരുപത്തിയെട്ടുകാരൻ റിയാസ്.

ആറ് മാസം മുൻപാണ് ഭാര്യയും 3 മക്കളുമടങ്ങുന്ന കുടുംബത്തെ പാതിവഴിയിലാക്കി മലപ്പുറം തിരൂർ ചെമ്പ്ര ചെറിയമുണ്ടം സ്വദേശിയായ റിയാസ് വീടുവിട്ടറങ്ങിയത്. ഗുരുവായൂർ ക്ഷേത്ര പരിസരത്തും ബസ് സ്റ്റാൻഡിലും അലഞ്ഞ് തിരിഞ്ഞ് കഴിഞ്ഞിരുന്ന റിയാസിനെ കോവിഡ് 19 സുരക്ഷയുടെ ഭാഗമായാണ് ഗുരുവായൂർ നഗരസഭയുടെ ആഭിമുഖ്യത്തിൽ ഗുരുവായൂർ ജിയുപി സ്കൂളിൽ തുടങ്ങിയ ക്യാമ്പിലെത്തിച്ചത്. മൂന്ന് ക്യാമ്പുകളാണ് നഗരസഭ ആരംഭിച്ചത്. ക്യാമ്പിലെ അന്തേവാസികൾക്ക് മാനസിക സമ്മർദ്ദം ഒഴിവാക്കുന്നതിന് കൗൺസിലിംഗും നടത്തി. കൗൺസിലിംഗ് കഴിഞ്ഞതോടെ അന്തേവാസികളിൽ പലർക്കും കുടുംബത്തിലേക്ക് തിരിച്ച് പോകണമെന്ന തോന്നലുണ്ടായി. നഗരസഭാ അധികൃതരെ ആവശ്യമറിയിച്ചു. ഇങ്ങനെ ആവശ്യമറിയിച്ചവരിൽ ഒരാളായിരുന്നു റിയാസ്. തുടർന്ന് ഗുരുവായൂർ നഗരസഭാ അധികൃതരുടെ മുൻകൈയ്യിൽ തിരൂരിലെ സന്നദ്ധ പ്രവർത്തകർ സുരേഷ്ബാബു റിയാസിനെ റിയാസിന്റെ വീട്ടിലെത്തിച്ചു.

മൂന്ന് ക്യാമ്പുകളിൽ നിന്നായി 4 പേരാണ് ഇതിനകം സ്വന്തം വീടിന്റെ തണൽ തേടി തിരികെ പോയത്. സുരക്ഷാ ക്യാമ്പുകളിൽ നടത്തുന്ന കൗൺസിലിംഗ് നിരവധി കുടുംബങ്ങൾക്ക് ഇത്തരത്തിൽ വലിയ ആശ്വാസമാവുകയാണ്. ഒരിക്കലും കാണില്ലെന്ന് കരുതിയിരുന്ന പ്രിയപ്പെട്ടവർ തിരികെയെത്തുന്നതിന്റെ ആഹ്ലാദം പലകുടുംബങ്ങളിലും നിറയുന്നു. അമ്പത് കൊല്ലമായി വീട് വിട്ട് കഴിയുന്ന പെരുമ്പാവൂർ സ്വദേശി റോജയും ലോക്ക്ഡൗൺ തീരാനുള്ള കാത്തിരിപ്പിലാണ്. തന്നെ വീട്ടിൽ വിടണമെന്ന് റോജയും നഗരസഭ അധികൃതരോട് ആവശ്യപ്പെട്ടു.

# തീയതി നീട്ടി

മദ്രസ അധ്യാപക ക്ഷേമനിധി നൽകുന്ന കോവിഡ് ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 30 വരെയായി ദീർഘിപ്പിച്ചതായി ചെയർമാൻ അറിയിച്ചു. www.kmtboard.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷിക്കേണ്ടത്.

# പോലീസിന്റെ കരുതൽ; അമ്പിളിയ്ക്ക് ഇനി എ.സിയുടെ തണുപ്പിൽ കിടക്കാം!

കോവിഡ് 19 ലോക്ക് ഡൗൺ കാലത്ത് പോലീസ് നടത്തുന്ന കരുതലിന്റെയും സഹായത്തിന്റെയും പട്ടികയിൽ ഒന്ന് കൂടി ചേർക്കുകയാണ് മതിലകം ജനമൈത്രി പോലീസ്. വിയർപ്പ് ഗ്രന്ഥികളെ ബാധിക്കുന്ന അപൂർവ രോഗമുള്ള യുവതിക്ക് എയർകണ്ടീഷൻ വാങ്ങിച്ചു നൽകിയാണ് പോലീസ് മാതൃകയായത്. ശ്രീനാരായണപുരം പന്തലാകുളം കോളനിയിൽ താമസിക്കുന്ന തോട്ടുപുറത്ത് അമ്പിളിക്കാണ് പോലീസിന്റെ സഹായമെത്തിയത്. 14 വർഷമായി വിയർപ്പു ഗ്രന്ഥികൾക്ക് ബാധിച്ച അപൂർവ്വ രോഗത്താൽ ബുദ്ധിമുട്ടുകയാണ് അമ്പിളി.

വിയർപ്പ് ഗ്രന്ഥികൾ കൂടുതലായതിനാൽ ശരീരത്തിൽ ചൂടു കൂടുകയും വലിയ വ്രണങ്ങൾ വന്ന് പൊട്ടി പഴുത്ത കിടക്കാൻ പോലും പറ്റാത്ത അവസ്ഥയിലാണ് അമ്പിളി. വേനൽക്കാലമായതോടെ രോഗം ഗുരുതരമായി. എറണാകുളത്തും കൊടുങ്ങല്ലൂരുമുള്ള ആശുപത്രികളിൽ മാറിമാറിയാണ് ചികിത്സ. ഭർത്താവ് മരിച്ചതോടെ അമ്പിളിയും 15 വയസായ മകനും അമ്പിളിയുടെ സഹോദരന്റെ വീട്ടിലാണ് താമസം. സാമ്പത്തിക പരാധീനതമൂലം അമ്പിളിയുടെ വേദന നോക്കിനിൽക്കാനേ സഹോദരനും കുടുംബത്തിനും കഴിയുന്നുള്ളൂ. ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ ഗൃഹസന്ദർശനത്തിനിടെയാണ് അമ്പിളിയുടെ രോഗവിവരം പോലീസ് അറിയുന്നത്. തുടർന്ന് മുറിയിലെ ചൂട് കുറച്ച് രോഗത്തെ അതിജീവിക്കുന്നതിനായി അമ്പിളി കിടക്കുന്ന മുറിയിൽ എയർ കണ്ടിഷൻ വെച്ച് കൊടുക്കാൻ തീരുമാനിക്കുകയായിരുന്നു. ജനമൈത്രി ജാഗ്രത സമിതിയുടെ സഹായത്തോടെ അമ്പിളിക്ക് എ.സി.യും 25000 രൂപയുടെ ധനസഹായവും പോലീസ് കൈമാറി. മതിലകം സി.ഐ. സി. പ്രേമാനന്ദ കൃഷ്ണൻ, ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് സൗദ നാസർ, വാർഡ് മെമ്പർ ആമിന, മതിലകം പി.ആർ.ഒ എസ്.ഐ തോമസ്, ജനമൈത്രി ബീറ്റ് ഓഫീസർമാരായ ഫസൽ, അജന്ത, ഹോം ഗാർഡ് അൻസാരി, ജനമൈത്രി ജാഗ്രത സമിതി അംഗങ്ങളായ ജീജ അസീസ്, കലാം എന്നിവരുടെ നേതൃത്വത്തിലാണ് അമ്പിളിക്ക് സഹായം എത്തിച്ചത്.

***ഫോട്ടോ അടിക്കുറിപ്പ്: മതിലകം ജനമൈത്രി പോലീസ് അമ്പിളിക്ക് എ.സി.യും 25000 രൂപയുടെ ചെക്കും കൈമാറുന്നു***

# തുടരും